പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 244 **29-10-2026-ൽ മറുപടിയ്ക്ക്**

ഭൂമി ഏറ്റെടുക്കൽ നടപടിക്രമം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. യു. ആർ. പ്രദീപ്

മറുപടി നൽകിയ മന്ത്രി

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) കിഫ്ബി ധനസഹായത്തോടെ കണ്ണൂരിൽ വ്യവസായ പാർക്കുകൾക്കും കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിക്കും വേണ്ടി ഭൂമി ഏറ്റെടുക്കുന്നത് കേന്ദ്ര സർക്കാരിന്റെ ഭൂമിയേറ്റെടുക്കൽ നിയമം (LARR Act) നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണോ എന്ന് വ്യക്തമാക്കാമോ;

മറുപടി: കിഫ്ബിയുടെ 33-ാമത് ബോർഡ് മീറ്റിങ്ങിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ ആവശ്യങ്ങൾക്കായി 5366 ഏക്കർ ഭൂമി 12,710 കോടി രൂപയ്ക്ക് ഏറ്റെടുക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 4896 ഏക്കർ ഭൂമി കണ്ണൂരിലും 470 ഏക്കർ ഭൂമി പാലക്കാട് കണ്ണമ്പ്രയിലും കിൻഫ്ര കണ്ടെത്തി. കിഫ്ബി/കിൻഫ്ര കണ്ടെത്തിയ ഭൂമി LARR നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ തഹസീൽദാർ ഏറ്റെടുക്കുകയാണ് ചെയ്തിട്ടുള്ളത്. കിൻഫ്രയുടെ വ്യവസായ പാർക്കിനായി കീഴല്ലൂർ, പടുവിലായി, അഞ്ചരക്കണ്ടി, വില്ലേജുകളിൽ നിന്നും 500 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട്, RFCTLARR ACT പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയുടെ കമ്പോളവില നിശ്ചയിച്ച് 12.04.2022 ൽ ഉത്തരവായെങ്കിലും മേൽ ഭൂമിയിൽ ഖനനം ചെയ്തതും മൂല്യശോഷണം സംഭവിച്ചതും രൂപ മാറ്റം വന്നിട്ടുള്ളതുമായ ഭൂമി ഉൾപ്പെടുന്ന ഓരോ കാറ്റഗറിയിലും അടിസ്ഥാന വിലയിൽ നിന്ന് 80% കുറവ് വരുത്തി വില നിശ്ചയിച്ച കൊണ്ട് 25.05.2023 ൽ ഉത്തരവായിട്ടുണ്ട്. കിഫ്ബിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പഠിക്കാനായി നിയോഗിച്ച സുധാപിള്ള കമ്മിറ്റി റിപ്പോർട്ടിൽ പ്രസ്തുത ഭൂമിയുടെ ഏറ്റെടുക്കൽ സംബന്ധിച്ച സമഗ്രമായ അന്വേഷണം ആവശ്യപ്പെടുന്നു. ഭൂമി ഏറ്റെടുക്കൽ നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല എന്ന കാര്യം പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിൽ പ്രതിപാദിക്കുന്നു.

കണ്ണൂരിലും പാലക്കാടുമായി 5366 ഏക്കർ ഭൂമി ഏറ്റെടുക്കാൻ 12727 കോടി രൂപ അനുവദിച്ചു. കണ്ണൂരിൽ ആയിരം ഏക്കർ ഭൂമി 2489 കോടി രൂപ ചെലവിൽ ഇതിനോടകം കിൻഫ്ര വഴി ഏറ്റെടുത്തു. 2020 മുതൽ ഏറ്റെടുത്ത ഭൂമി അഞ്ചു വർഷമായി ഒന്നിനും ഉപയോഗിച്ചിട്ടില്ല. ഇതിന് പുറമെ 3829 ഏക്കർ ഭൂമി 9572 കോടി രൂപയ്ക്ക് കണ്ണൂരിൽ ഏറ്റെടുക്കുന്നതിനായി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.

(ബി) പ്രസ്തുത നിയമപ്രകാരം കണ്ണൂരിൽ വ്യവസായ പാർക്കുകൾക്കും കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിക്കും വേണ്ടിയുള്ള ഭൂമിയുടെ വില നിശ്ചയിക്കുന്ന അധികാരികൾ, നടപടിക്രമങ്ങൾ എന്നിവ വ്യക്തമാക്കാമോ;

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

(സി) 2013-ലെ പ്രസ്തുത നിയമപ്രകാരം ഭൂമിയുടെ യഥാർത്ഥ വിപണിവിലയ്ക്ക് പുറമെ 100 ശതമാനം സോളാഷ്യവും (Solatium) മറ്റ് ആനുകൂല്യങ്ങളും നൽകാൻ സംസ്ഥാന സർക്കാർ നിയമപരമായി ബാധ്യസ്ഥരാണെന്നിരിക്കെ കർഷകർക്ക് ലഭിക്കുന്ന അർഹമായ ഈ നഷ്ടപരിഹാരത്തെ അഴിമതിയായി ചിത്രീകരിക്കുന്നത് കേരളത്തിന്റെ വികസനത്തെ തകർക്കാനുള്ള ഗൂഢാലോചനയാണെന്ന ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ